©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

920/2021.

# പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)
# ജലവിഭവം
# (WATER RESOURCES)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

# ജലവിഭവം
# (WATER RESOURCES)

# പീരിയോഡിക്കൽ റിപ്പോർട്ട്
**(2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2020 TO 31ST MARCH 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 20 |

# സബ്ജക്ട് കമ്മിറ്റി III
# (ജലവിഭവം)
# (2021-2023)

## ഘടന

ചെയർമാൻ:

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി രജനി. വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി. പി., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2019-2021) 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 22-7-2020, 18-11-2020 എന്നീ തീയതികളിലായി 2 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2019-20-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ മറ്റ് ശിപാർശകളിൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I—സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II—സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III—സമിതി പരിഗണിച്ച ചട്ടങ്ങൾ, എസ്.ആർ.ഒ.-കൾ/റെഗുലേഷനുകൾ.

അദ്ധ്യായം IV—നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ.

അദ്ധ്യായം V—സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

അദ്ധ്യായം VI— a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം VII—സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂലൈ 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

റോഷി അഗസ്റ്റിൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2021 ജൂലൈ 5.

# റിപ്പോർട്ട്

## അദ്ധ്യായം -I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി -III-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

(2) സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം -II

### സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

## അദ്ധ്യായം -III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.-കൾ/റെഗുലേഷനുകൾ

ഇല്ല.

## അദ്ധ്യായം -IV

### നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

ഇല്ല.

## അദ്ധ്യായം -V

### സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XXXVIII—ജലസേചനം | 2018-19 (കാലതാമസ പത്രിക സഹിതം) | കുട്ടനാട് പാക്കേജ് [ജലവിഭവ (ഐ.ആർ.)വകുപ്പ്] | 22-1-2021 |

## അദ്ധ്യായം -VI

(a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 102 | 1 -102 | ഇല്ല | ഇല്ല |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 1) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

#### ശിപാർശ

2215-01-102-80—ശുദ്ധജല വിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണ പദ്ധതി പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിക്ക് സുസ്ഥിരത ഉറപ്പാക്കൽ

നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട് (NRDWP)-യുടെ കേന്ദ്ര വിഹിതം ഗണ്യമായി വെട്ടിക്കുറച്ച സാഹചര്യത്തിൽ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 1)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല. പകരം NRDWP-ക്കുവേണ്ടിയുള്ള പുതിയ ശീർഷകമായ 4215-01-102-93-ൽ കേന്ദ്ര വിഹിതം ഉൾപ്പെടെ 200 കോടി രൂപയും NRDWP പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 4215-01-102-95 എന്ന ശീർഷകത്തിൽ 100 കോടി രൂപയും ഉൾപ്പെടെ ആകെ 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 215.54 കോടി രൂപ അനുവദിച്ചു.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2215-01-190-99(01)—<u>ശുദ്ധജല വിതരണവും ശുചീകരണവും-ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം -കേരള ജല അതോറിറ്റിയ്ക്കുള്ള സഹായ ധനം - പര്യവേഷണവും സൂക്ഷ്മപരിശോധനയും</u>

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുകയാണ് കേരള വാട്ടർ അതോറിറ്റിയുടെ ലക്ഷ്യമെന്നും അതിനായി വിശദമായ സർവ്വേ നടത്തി കുടിവെള്ള പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകളുടെ ഒരു ശേഖരം തയ്യാറാക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും കുടിവെള്ള പദ്ധതികൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകളുടെ ഒരു ശേഖരം തയ്യാറാക്കുന്നതിനും സർവ്വേ പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 2)

<u>സ്വീകരിച്ച നടപടി</u>

2018 ആഗസ്റ്റിലെ പ്രളയത്തോട് അനുബന്ധിച്ച് പുനർനിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി റീ- അപ്രോപ്രിയേഷൻ അഭ്യർത്ഥന നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിലെ പ്രവൃത്തികൾ ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2215-01-190-99(19)-31—<u>ശുദ്ധജല വിതരണവും ശുചീകരണവും - പര്യവേഷണവും സൂക്ഷ്മപരിശോധനയും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം -സഹായധനം - ശമ്പളം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 213.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 3)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 239.59 കോടി രൂപയുടെ നോൺ പ്ലാൻ പ്രൊപ്പോസലും 257.13 കോടി രൂപയുടെ ഉപധനാഭ്യർത്ഥന പ്രൊപ്പോസലും സമർപ്പിച്ചെങ്കിലും ഈ ഇനത്തിൽ അധികതുക അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2215-01-190-99-19-36—<u>ശുദ്ധജല വിതരണവും ശുചീകരണവും - പര്യവേഷണവും സൂക്ഷ്മപരിശോധനയും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം- സഹായധനം - ശമ്പളേതരം</u>

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 150.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 4)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 168.03 കോടി രൂപയുടെ നോൺ പ്ലാൻ പ്രൊപ്പോസലും 141.12 കോടി രൂപയുടെ ഉപധനാഭ്യർത്ഥന പ്രൊപ്പോസലും സമർപ്പിച്ചെങ്കിലും ഈ ഇനത്തിൽ അധികതുക അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2215-01-190-92—ശുദ്ധജല വിതരണവും ശുചീകരണവും - പര്യവേഷണവും സൂക്ഷ്മ പരിശോധനയും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം- കേരള ജല അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ജലശുദ്ധീകരണ ശാലകൾ, പമ്പ് ഹൗസുകൾ, ജലസംഭരണികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ വാർഷിക അറ്റകുറ്റപണികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നതിനാൽ കോടിക്കണക്കിന് രൂപയുടെ ആസ്തികൾ നശിക്കുകയാണെന്നും ജലശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ മുടങ്ങുന്നത് ജലഗുണനിലവാരത്തെയും പൊതുജനാരോഗ്യത്തെയും ബാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൃത്യമായ ഇടവേളകളിൽ പമ്പ് ഹൗസുകളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 5)

സ്വീകരിച്ച നടപടി

2018 ആഗസ്റ്റിലെ പ്രളയത്തോട് അനുബന്ധിച്ച് പുനർനിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി റീ-അപ്രോപ്രിയേഷൻ അഭ്യർത്ഥന നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിലെ പ്രവൃത്തികൾ ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2215-02-190-99(02)-31—ശുദ്ധജല വിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 21.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക നമ്പർ 6)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 23.78 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഈ ഇനത്തിൽ അധികതുക അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2215-02-190-99(02)-36—ശുദ്ധജല വിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്), ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റാൻ ഈ ശീർഷകത്തിൽ 21.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 7)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 16.52 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഈ ഇനത്തിൽ അധികതുക അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4215-01-101-96—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജല വിതരണ പദ്ധതി -അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ നവീകരണം

പ്രധാന പമ്പിംഗ് സ്റ്റേഷനുകളിൽ ഒന്നായ അരുവിക്കരയിൽ ഉയർന്നശേഷിയുള്ള പമ്പ് സെറ്റുകൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

സ്വീകരിച്ച നടപടി

കോടതി വ്യവഹാരത്തിൽ ഈ ശീർഷകത്തിലെ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുവാൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും 2017-18 വർഷത്തിലെ E-Lams-ലേക്ക് മാറ്റിയ 6 കോടി രൂപ ഈ വർഷം അഭ്യർത്ഥിച്ചുവെങ്കിലും പ്രവൃത്തികളുടെ കരാർ ആകാത്തതിനാൽ തുക അനുവദിച്ച് നൽകിയിട്ടില്ല. കോടതി വ്യവഹാരം തീർപ്പാക്കി കരാർ നൽകുവാനുള്ള നടപടികൾ പൂർത്തീകരിച്ചു. 2018-19 സാമ്പത്തിക വർഷം പ്രവൃത്തികളുടെ ബില്ലുകൾ വരാത്തതിനാൽ അധികതുക ആവശ്യപ്പെട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4215-01-102-95—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - തുടർപദ്ധതിയായ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം

2016-17 സാമ്പത്തിക വർഷാരംഭത്തിൽ കേന്ദ്ര സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചെറുതും വലുതുമായ പദ്ധതികളുള്ള കേന്ദ്ര വിഹിതത്തിലുണ്ടായ കുറവ് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചതിനാൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് ഭീമമായ കുടിശ്ശിക വരികയും പദ്ധതി നിർവ്വഹണം മുടങ്ങുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്തതായി സമിതി മനസിലാക്കുന്നു. ആയതിനാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നടന്നുവരുന്ന പദ്ധതികളുടെ കുടിശ്ശിക കൊടുത്തുതീർത്ത് പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 9)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 100 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്നും 15.51 കോടി രൂപയ്ക്ക് 4215-01-102-93 ശീർഷകത്തിലേക്ക് ധന പുന:ക്രമീകരണത്തിനും മിച്ചംവരുന്ന തുകയായ 84.46 കോടി രൂപയ്ക്കുംവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഈ ഇനത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4215-01-190-97—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിനാവശ്യമായ പ്രവൃത്തികളായ പഴയ ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനും പഴയ പൈപ്പ്ലൈനുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റുന്നതിനും സി.പി.എച്ച്.ഇ.ഇ.ഒ.യുടെ നിർദ്ദേശാനുസരണം കുടിവെള്ളത്തിൽ കലങ്ങലിന്റെ പരിധി 1 എൻ.ടി.യു. ആയി മാറ്റുന്നതിനുവേണ്ടി ശുദ്ധീകരണശാലകളിലെ വിവിധ ഘടകങ്ങൾ പുതുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 10)

സ്വീകരിച്ച നടപടി

2018 ആഗസ്റ്റിലെ പ്രളയത്തോട് അനുബന്ധിച്ച് പുനർനിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി റീ-അപ്രോപ്രിയേഷൻ അഭ്യർത്ഥന നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിലെ പ്രവൃത്തികൾ ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി. എങ്കിലും ഈ ഇനത്തിൽ അധിക തുക അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4215-01-800-92—ശുദ്ധജല വിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ചെലവ് - ശുദ്ധജല വിതരണം - മറ്റ് ചെലവുകൾ - ജല സംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ചെക്ക്ഡാമുകൾ പണിത് അവയുടെ സംഭരണശേഷി കൂട്ടുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 11)

സ്വീകരിച്ച നടപടി

2018 ആഗസ്റ്റിലെ പ്രളയത്തോട് അനുബന്ധിച്ച് പുനർനിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി റീ-അപ്രോപ്രിയേഷൻ അഭ്യർത്ഥന നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിലെ പ്രവൃത്തികൾ ബഡ്ജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

ക്വാളിറ്റി കൺട്രോൾ

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുടെ (ജലവിതരണ മേഖലയിലും ആസ്തി വികസനത്തിനും) ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ലാബുകളുടെ അറ്റകുറ്റപ്പണികൾക്കും ലാബുകൾക്കായുള്ള കെട്ടിട നിർമ്മാണത്തിനും ഗുണനിലവാരം പരിശോധിക്കുന്നതിനായി തേർഡ് പാർട്ടി ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും പ്രാദേശികമായി മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കുന്നതിനും പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 12)

സ്വീകരിച്ച നടപടി

പുതിയ ശീർഷകം അനുവദിച്ചു. 2 കോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ഈ ഇനത്തിൽ അധികതുക അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2702-01-800-88-33—ചെറുകിട ജലസേചനം - ഉപരിതല ജലം - മറ്റുചെലവുകൾ - പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്കുവേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4-5-2015- ലെ സ.ഉ.(എം.എസ്) നമ്പർ 82/15 കൃഷി സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച പമ്പിംഗ് സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിനായി

വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 14)

<u>സ്വീകരിച്ച നടപടി</u>

പമ്പിംഗ് സബ്സിഡിയുമായി ബന്ധപ്പെട്ട 2702-01-800-33-NP-V ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി 5,50,00,000 രൂപയും അധിക ധനവിനിയോഗ അനുമതിയായി 35,48,61,000 രൂപയും ലഭ്യമായിരുന്നു. നിയമസഭാ സമിതി III (ജലവിഭവം)-ന്റെ ശിപാർശ പ്രകാരമുള്ള മുഴുവൻ തുകയും ലഭ്യമായെന്നും 2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽനിന്നും ആകെ 40,61,92,516 രൂപ ചെലവഴിച്ചിട്ടുള്ളതുമാണെന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2700-01—<u>വൻകിട ജലസേചനം-പെരിയാർ നദീതട പദ്ധതി (വാണിജ്യേതരം)</u>

പെരിയാർ നദീതട പദ്ധതിയുടെ ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളുടെയും എസ്റ്റാബ്ലിഷ്മെൻറ് ചെലവിനും നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും മറ്റ് ചെലവുകൾക്കും ചാർജ്ഡ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ 750 കി.മീറ്റർ കനാലിൻെറ അറ്റകുറ്റപ്പണികൾക്കായും തകർന്നുകിടക്കുന്ന പാലങ്ങളുടെ പുനരുദ്ധാരണത്തിനും കനാൽ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിനും 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം അധിക തുകയായി 25,474 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2700-11—വൻകിട ജലസേചനം-നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ പദ്ധതിയുടെ സംരക്ഷണപണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ആവശ്യമായ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 23)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം 86,00,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2700-13—വൻകിട ജലസേചനം-കുറ്റ്യാടി പദ്ധതി (വാണിജ്യേതരം)

ജലസേചന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന കാവേരി ഹൗസിന്റെ സംരക്ഷണത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക നമ്പർ 24)

സ്വീകരിച്ച നടപടി

സാമ്പത്തിക പ്രതിസന്ധി കാരണം അധിക തുക അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2700-14—വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക പ്രതിസന്ധി കാരണം അധികതുക അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2700-25—<u>വൻകിട ജലസേചനം-മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)</u>

പദ്ധതിയിലെ കനാലുകളുടെ സംരക്ഷണ പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 28)

<u>സ്വീകരിച്ച നടപടി</u>

ചീഫ് എഞ്ചിനീയർ പ്രോജക്ട് 1, ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ആയത് ധനകാര്യ വകുപ്പിന്റെ 9-5-2018-ലെ 42/2018/Fin. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളുടെ പരിധിയിൽ വരുന്നില്ല എന്ന കാരണത്താൽ അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2700-80-001-97— <u>വൻകിട ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്</u>

തൃശ്ശൂർ, ചിറ്റൂർ എന്നിവിടങ്ങളിലെ ഇറിഗേഷൻ ഡിവിഷൻ ഓഫീസുകളുടെയും അവയുടെ സബ്ഡിവിഷൻ ഓഫീസുകളുടെയും ശമ്പളം, അലവൻസ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാലും കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 32)

<u>സ്വീകരിച്ച നടപടി</u>

ജി.ഒ.(ആർ.റ്റി) നമ്പർ 9572/18/ഫിൻ. തീയതി 21-11-2018 , ജി.ഒ.(ആർ.റ്റി) നമ്പർ 748/19/ഫിൻ. തീയതി 31-1-2019 എന്നീ ഉത്തരവുകൾ മുഖേന പ്രസ്തുത ശീർഷകത്തിൽ 6,42,000 രൂപ 2018-19 സാമ്പത്തിക വർഷം അധികമായി അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2701-02—ഇടത്തരം ജലസേചനം - ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണപണികൾക്ക് ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 33)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം അധിക തുകയായി 22,14,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2701-03—ഇടത്തരം ജലസേചനം - ചീരക്കുഴി പദ്ധതി (വാണിജ്യപരം)

നടപ്പുസാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

സ്വീകരിച്ച നടപടി

സാമ്പത്തിക പ്രതിസന്ധി കാരണം അധികതുക അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2701-80-001-93 (2)—ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - കാവേരി നദീതട പദ്ധതികൾ -നടത്തിപ്പ്

കാവേരി തടത്തിലെ പ്രോജക്ടുകളുടെ നടത്തിപ്പിനും ഡിവിഷൻ ഓഫീസുകളുടെ ശമ്പളത്തിനും അലവൻസുകൾക്കുമായിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. ഓഫീസ് ചെലവുകൾക്കായി അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 39)

<u>സ്വീകരിച്ച നടപടി</u>

ചീഫ് എഞ്ചിനീയർ പ്രോജക്ട് 1, ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ആയത് ധനകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് ധനപുനവിനിയോഗം/അധികധനാനുമതി എന്നീ ശിപാർശകൾ അനുവദിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ പ്രസ്തുത ശിപാർശ സർക്കാർ അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2701-80-800-94-04—<u>ഇടത്തരം ജലസേചനം - ജനറൽ - മറ്റുചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം - യാത്രാ ചെലവുകൾ</u>

അന്തർസംസ്ഥാന ജല വിഷയവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു. സുപ്രീംകോടതിയിലും മറ്റ് കോടതികളിലും ഉള്ളതിനാൽ പ്രസ്തുത കേസുകളുടെ നടത്തിപ്പിനും വിവിധ പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 7.92 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 43)

<u>സ്വീകരിച്ച നടപടി</u>

2018-19 വർഷം അനുവദിച്ച വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അധിക ഫണ്ട് അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2701-80-800-94-05(3)—<u>ഇടത്തരം ജലസേചനം - ജനറൽ - മറ്റുചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവുകൾ</u>

ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ.-വിന്റെ കാര്യാലയത്തിലെയും ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ കാര്യാലയത്തിലെയും ടെലിഫോൺ ബില്ലുകൾ അടയ്ക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 44)

<u>സ്വീകരിച്ച നടപടി</u>

2018-19 വർഷം അനുവദിച്ച വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അധികഫണ്ട് അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2701-80-800-94-21-(2)—<u>ഇടത്തരം ജലസേചനം - ജനറൽ - മറ്റുചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം - മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും അന്തർ സംസ്ഥാന ജല ഉപദേശക സമിതി ചെയർമാന്റെ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും ഇന്ധന ചെലവ് നിറവേറ്റാൻ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

<u>സ്വീകരിച്ച നടപടി</u>

2018-19 വർഷം അനുവദിച്ച വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അധികഫണ്ട് അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2701-80-800-94-34-(3)—<u>ഇടത്തരം ജലസേചനം - ജനറൽ - മറ്റുചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം - മറ്റുചെലവുകൾ - മറ്റിനം</u>

അന്തർ സംസ്ഥാന നദീജല വിഷയവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു. സുപ്രീം കോടതിയിലും മറ്റ് കോടതികളിലും ഉള്ളതിനാൽ പ്രസ്തുത കേസുകളുടെ നടത്തിപ്പിനും വിവിധ പഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 46)

സ്വീകരിച്ച നടപടി

2018-19 വർഷം അനുവദിച്ച വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അധികഫണ്ട് അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2701-80-800-94-45—ഇടത്തരം ജലസേചനം - ജനറൽ - മറ്റ് ചെലവുകൾ - കാവേരി ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജലം - പി.ഒ.എൽ.

ഡൽഹിയിലെ ജലസേചന വകുപ്പിന്റെ നോഡൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും അന്തർ സംസ്ഥാന ജല ഉപദേശക സമിതി ചെയർമാന്റെ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ഔദ്യോഗിക വാഹനത്തിന്റെയും ഇന്ധന ചെലവ് നിറവേറ്റാൻ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 47)

സ്വീകരിച്ച നടപടി

2018-19 വർഷം അനുവദിച്ച വിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അധിക ഫണ്ട് അനുവദിച്ചിട്ടില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4700-20—ഇടമലയാർ പദ്ധതി (വാണിജ്യേതരം)

പദ്ധതിയിലെ കനാൽ നിർമ്മാണത്തിനും ബ്രാഞ്ചുകൾ, കനാലുകൾ, ഡിസ്ട്രിബ്യൂട്ടറി എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനും 15 കോടി രൂപയും ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 12 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം അധിക തുകയായി 1,68,694 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020- ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4700-22—മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

മൂവാറ്റുപുഴ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പദ്ധതി വർക്കുകൾ AIBP ഏറ്റെടുക്കുന്നതിനായി 50 കോടി രൂപയും ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 15 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം 2,77,30,800 രൂപ അധികതുകയായി അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020- ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4700-28—ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ശമ്പള ഇനത്തിൽ അധിക തുക ആവശ്യമായതിനാൽ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 53)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം അധികതുകയായി 160.70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020- ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4701-80-800-88—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ് -ജനറൽ - മറ്റുചെലവുകൾ - നദീതട സംഘടന രൂപീകരണം

വിവിധ ജലസ്രോതസ്സുകളിലെ ജലലഭ്യത കണക്കാക്കുന്നതിന് ഗേജിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 60)

<u>സ്വീകരിച്ച നടപടി</u>

2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംഭവിച്ച ഭീമമായ നാശനഷ്ടങ്ങളുടെ സാഹചര്യത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ പണം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് അനുവദിച്ചില്ല.

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019- ന് സഭയിൽ സമർപ്പിച്ചു)

(2) **2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2702-01-800-88-33—<u>ചെറുകിട ജലസേചനം - ഉപരിതലജലം- മറ്റ് ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി- സബ്സിഡികൾ</u>

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്കുവേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 4-5-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 85/15/കൃഷി സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച പമ്പിംഗ് സബ്സിഡി കുടിശ്ശിക സഹിതം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.5 കോടി രൂപ അധികമായി ധനപുന;വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 7)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം പമ്പിംഗ് സബ്സിഡിയുമായി ബന്ധപ്പെട്ട 2072-01-800-88-33 നമ്പർ ശീർഷകത്തിൽ 16.5 കോടി രൂപ ശിപാർശ ചെയ്തിരുന്നെങ്കിലും 15 കോടി രൂപ മാത്രമാണ് വർദ്ധിപ്പിച്ച നിരക്കിലുള്ള പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി അധിക ധനവിനിയോഗാനുമതിയായി ലഭിച്ചിട്ടുള്ളത്. ടി തുക പൂർണ്ണമായി 2017-18 സാമ്പത്തിക വർഷത്തിൽത്തന്നെ ചെലവഴിച്ചിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020- ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം -VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

**റോഷി അഗസ്റ്റിൻ,**

തിരുവനന്തപുരം,
2021 ജൂലൈ 5 .

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

<u>അനുബന്ധം</u>

## 22-7-2020-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III, 2020 ജൂലൈ 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. മാണി. സി. കാപ്പൻ, എം.എൽ.എ.
2. ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

<u>ഗൂഗിൾ മീറ്റ് സംവിധാനംവഴി ഓൺലൈനായി പങ്കെടുത്ത അംഗങ്ങൾ :</u>

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
3. ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.
4. ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. വെങ്കിടേശപതി എസ്, മാനേജിംഗ് ഡയറക്ടർ, KWA
3. ശ്രീമതി ലത സി. എ., കമ്മീഷണർ, ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ്
4. ശ്രീ. അലക്സ് വർഗീസ്, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II
5. ശ്രീമതി ഡി. പ്രീജ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ

6 ശ്രീ. ബിനു ജയകുമാർ, ചിഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ

7 ശ്രീ. ഷിജിത് വി. ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, KWA

8 ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ (പ്രോജക്ട് - II)

9 ശ്രീ. സലീൽ, എച്ച്., ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്

10 ശ്രീ. ജി. ശ്രീകുമാർ, ടെക്നിക്കൽ മെമ്പർ, KWA.

<u>ഗൂഗിൾ മീറ്റ് സംവിധാനംവഴി ഓൺലൈനായി പങ്കെടുത്ത ഉദ്യോഗസ്ഥർ :</u>

1. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

2. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

സമിതി, വിവിധ റിപ്പോർട്ടുകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 1-4-2019 മുതൽ 31-3-2020 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്, 2019-20 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്.</u>

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ നമ്പർ 7-ൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കമ്മിറ്റി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്.</u>

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ നമ്പർ 14-ൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് കമ്മിറ്റി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. <u>2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവവ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്</u>

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1 മുതൽ 12 വരെയും 21, 23 മുതൽ 25 വരെയും 28, 32, 33, 34, 39, 43 മുതൽ 47 വരെയും 51 മുതൽ 53 വരെയും 60 എന്നീ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സാമ്പത്തിക പ്രതിസന്ധി കാരണം പല പദ്ധതികൾക്കും സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ലഭ്യമായില്ലെന്നും 2018-19 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ടിയിരുന്ന മൂവാറ്റുപുഴ പദ്ധതി, തോട്ടപ്പള്ളി സ്പിൽവേയുടെ വർക്കുകൾ എന്നിവ 2020-ൽ മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചതെന്നും ഇറിഗേഷൻ വകുപ്പിന്റെ പല ഡിവിഷൻ/സബ് ഡിവിഷൻ ഓഫീസുകൾ മോഡണൈസ് ചെയ്യുന്നതിന് തുക അനിവാര്യമാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് പാനലിലെ മണൽ മാറ്റാതെ അഴിമുഖത്തെ മണൽ മാത്രം മാറ്റുന്നത് പല പ്രക്ഷോഭങ്ങൾക്കും കാരണമാകുന്നുണ്ടെന്നും ലീഡിംഗ് പാനലിന്റെ കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികളെന്തൊക്കെയാണെന്നുമുള്ള കമ്മിറ്റിയുടെ ചോദ്യത്തിന് മറുപടിയായി തോട്ടപ്പള്ളി സ്പിൽവേയുടെ മണൽ മാറ്റുക എന്നതിലൂടെ പമ്പാ നദിയെ പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരികയാണെന്നതാണ് ഉദ്ദേശിക്കുന്നതെന്നും സുനാമിക്കുശേഷം 60 മീറ്ററിൽ താഴെയായി ചുരുങ്ങിപ്പോയ പമ്പാ നദിയുടെ അഴിമുഖം ഇപ്പോൾ 360 മീറ്റർ വീതിയായി പുനസ്ഥാപിച്ചിട്ടുണ്ടെന്നും ഷട്ടർ മുതൽ അഴിമുഖം വരെയുള്ള മുഴുവൻ ഭാഗവും വൃത്തിയാക്കുന്നുണ്ടെന്നും ലീഡിംഗ് ചാനലിലെ മണലാണ് ആദ്യം നീക്കംചെയ്തതെന്നും ഇത്തരം വർക്കുകളുടെ ഓരോ ദിവസത്തെയും പുരോഗതി ഇറിഗേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ടെന്നും അവിടെനിന്നും മാറ്റുന്ന കരിമണൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡും (KMML) ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡും (IREL)-മാണ് പൂർണ്ണമായി കൊണ്ടുപോകുന്നതെന്നും ജൂലൈ 31 ആകുമ്പോഴേക്കും ഷട്ടർ മുതൽ അഴിമുഖം വരെയുള്ള ഭാഗത്തെ തടസ്സങ്ങൾ മാറ്റി പണി പൂർത്തീകരിക്കാൻ കഴിയുമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരമുണ്ടാക്കണമെന്നും സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ലായെന്നുമുള്ള സമിതിയുടെ വിലയിരുത്തലിന് മറുപടിയായി തോട്ടപ്പള്ളി സ്പിൽവേയിലൂടെയും തണ്ണീർമുക്കം

ബാരലിലൂടെയുമാണ് കുട്ടനാട്ടിൽനിന്നും ജലം ഒഴുകിപ്പോകുന്നതെന്നും അതിൽ തോട്ടപ്പള്ളി സ്പിൽവേയുടെ താഴെയുള്ള ഭാഗത്തെ മണ്ണ് പൂർണ്ണമായും നീക്കംചെയ്യുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ നടന്നുവരുന്നതായും ബാക്കി ഭാഗത്തെ മണ്ണും ചെളിയും പോളയും മാറ്റുന്നതിന് SDRF-ൽകൂടി കുറച്ച് പണികൾ ചെയ്തിട്ടുണ്ടെന്നും കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ബാക്കി പണികൾ ചെയ്യാൻ സാധിച്ചില്ലായെന്നും കൂടാതെ സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശയിലുൾപ്പെട്ട ആലപ്പുഴ-ചങ്ങാനാശ്ശേരി കനാലിലെ തടസ്സങ്ങൾ നീക്കുന്ന പണി ഇതുവരെ ആരംഭിച്ചിട്ടില്ലായെന്നും തോട്ടപ്പള്ളിക്കുശേഷമുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കലും മറ്റും ചെയ്യേണ്ടതിനാൽ മണിമലയാറുമായി ബന്ധിപ്പിക്കുന്ന ഭാഗത്തെ പണികൾ ചെയ്തിട്ടില്ലായെന്നും കുട്ടനാടിന്റെ കുറച്ച് ഭാഗത്ത് കൽക്കെട്ടുകൾ പണിയുന്നതിന് ടെണ്ടർ ക്ഷണിച്ചെങ്കിലും ഏറ്റെടുത്തില്ലായെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് II മറുപടി നൽകി.

തണ്ണീർമുക്കം ബണ്ട് പണി പൂർത്തീകരണം സംബന്ധിച്ചും മൺചിറ പൂർണ്ണമായും നീക്കംചെയ്യാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും പരിശോധിച്ച് പഞ്ചായത്തുകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തണമെന്നും കമ്മിറ്റി നിർദ്ദേശിച്ചപ്പോൾ തണ്ണീർമുക്കം ബണ്ടിന്റെ മണ്ണ് നീക്കംചെയ്യുന്ന പ്രവൃത്തിയിൽ കുറച്ച് ഭാഗത്തെ മണ്ണ് നീക്കം ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള ഭാഗം കോടതിവിധിയിൽ ഉൾപ്പെട്ടതായതുകൊണ്ട് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ലായെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II അറിയിച്ചു. പ്രസ്തുത വിഷയം മറ്റൊരു ദിവസം ചർച്ച ചെയ്യുവാൻ കമ്മിറ്റി മാറ്റിവച്ചു.

ഭാരതപ്പുഴയിലെ മണലെടുപ്പുമായി ബന്ധപ്പെട്ട് വെള്ളിയാങ്കൽ ഭാഗത്തെ ഡിസിൽറ്റിങ്ങുമായി ബന്ധപ്പെട്ടുള്ള വിശദീകരണം ആവശ്യപ്പെട്ട കമ്മിറ്റിക്ക് മറുപടിയായി മണൽ നീക്കംചെയ്യുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ അനുമതി കിട്ടേണ്ടതുണ്ടെന്നും സാങ്കേതിക വിവരങ്ങൾ ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും എംപവേർഡ് കമ്മിറ്റിയുടെ അനുമതി ലഭിക്കുമെന്ന അനുമാനത്തിലാണ് മണൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -II അറിയിച്ചു.

മണൽ എടുക്കുന്നതിന് സിംഗിൾ ടെണ്ടർ മാത്രമെ കിട്ടിയിരുന്നുള്ളൂയെന്നും ഇത് മറ്റ് സ്ഥലങ്ങളിൽ ക്വാട്ട് ചെയ്തതിനെക്കാളും 10.5% കുറവാണെന്നും ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് അനുസരിച്ചും കളക്ടറുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലുമാണ് എഗ്രിമെന്റ് തയ്യാറാക്കിയയെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II തുടർന്നറിയിച്ചു. മണലെടുപ്പുമായി ബന്ധപ്പെട്ട് വെള്ളിയാങ്കൽ ഭാഗത്തെ ടെണ്ടർ നടപടികളെ കുറിച്ച് മറ്റൊരവസരത്തിൽ ചർച്ച ചെയ്യാമെന്ന് കമ്മിറ്റി അറിയിച്ചു.

## IV. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

### ശിപാർശ നമ്പർ 1

സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുകയെന്ന ഉദ്ദേശത്തോടുകൂടി സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ അനുവദിച്ചിരുന്ന ഒരു കോടി രൂപ പോലും ലഭിച്ചിട്ടില്ലായെന്നും 1.67 കോടി രൂപയുടെ ഭരണാനുമതി ഉണ്ടെന്നും അനെർട്ടിന്റെ ഒരു പ്രൊപ്പോസലുമായി വാട്ടർ അതോറിറ്റി മുന്നോട്ടുപോകുന്നുണ്ടെന്നും എം. ഡി. വ്യക്തമാക്കി. ശിപാർശ നമ്പർ 1-ൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

### ശിപാർശ നമ്പർ 2

നിലവിൽ ഉല്പാദന ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും പണികൾ നടന്നുവരുന്നതുമായ 64 കുടിവെള്ള പദ്ധതികൾക്ക് വിതരണ ശൃംഖല സ്ഥാപിക്കുന്നതിനാണ് 2 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്നതെന്നും സമിതി ശിപാർശ ചെയ്ത 2 കോടി രൂപ അധികമായി ചോദിച്ചിരുന്നുവെങ്കിലും പ്ലാൻ ഫണ്ടുപോലും ലഭിച്ചിട്ടില്ലായെന്നും എം. ഡി., കേരള വാട്ടർ അതോറിറ്റി അറിയിച്ചു. വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

### ശിപാർശ നമ്പർ 3

ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം ലഭിച്ചെങ്കിലും അധികമായി ആവശ്യപ്പെട്ട തുക ലഭിച്ചില്ലായെന്ന് വാട്ടർ അതോറിറ്റി എം.ഡി. അറിയിച്ചു. വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

### ശിപാർശ നമ്പർ 4

ടി ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 135.2666 കോടി രൂപയിൽ 59 കോടി രൂപ മാത്രമാണ് ലഭിച്ചതെന്നും ശേഷിക്കുന്ന തുകയും അധികമായി ആവശ്യപ്പെട്ട തുകയും ലഭിച്ചിട്ടില്ലായെന്നും ബഡ്ജറ്റ് വിഹിതംപോലും ലഭിക്കാതെയാണ് KWA പ്രവർത്തിക്കുന്നതെന്നും എം.ഡി. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യം പ്രത്യേകം രേഖപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 5

ടി ശീർഷകത്തിൽ അരുവിക്കരയിലെ കുപ്പിവെള്ള യൂണിറ്റുമായി ബന്ധപ്പെട്ട് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുകയോ അധികമായി ആവശ്യപ്പെട്ട തുകയോ ലഭ്യമായില്ലായെന്നും അതിനാൽ കോൺട്രാക്ടർമാർക്ക് ബിൽ കൊടുക്കാൻ സാധിക്കാത്ത സാഹചര്യമാണെന്നും പ്രോജക്ടുകൾ വൈകുംതോറും അതിന്റെ ചെലവും കൂടുമെന്നും കുപ്പിവെള്ള പദ്ധതി സംബന്ധിച്ച പണികൾ ഏകദേശം എല്ലാം പൂർത്തിയായിരിക്കുന്നുയെന്നും അത് KIIDC-നെ ഏൽപ്പിച്ച് നടത്തുന്നതിന് തീരുമാനിച്ചിരുന്നുയെന്നും ബില്ലുകൾ പെന്റിംഗിൽ ഇരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

6 മുതൽ 64 വരെയുള്ള ശിപാർശകൾക്ക് വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

മലങ്കര കുടിവെള്ള പദ്ധതി എന്ന് അറിയപ്പെട്ടിരുന്ന രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥയെ കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കിയെങ്കിലും കുറച്ച് പഞ്ചായത്തുകൾകൂടി കൂട്ടിച്ചേർത്തതിനാൽ ഡാമിൽനിന്ന് 30 MLD ജലം ലഭിച്ചാൽ മാത്രമേ ഡി. പി. ആർ. ഫൈനലൈസ് ചെയ്ത് പ്രോജക്ടുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂയെന്ന് ടെക്നിക്കൽ മെമ്പർ അറിയിച്ചു.

**V ഗൂഗിൾ മീറ്റ് മുഖേന യോഗത്തിൽ പങ്കെടുത്ത സമിതി അംഗം ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ. 4 വിഷയങ്ങൾ ഓൺലൈൻ വഴി സമിതിക്ക് കൈമാറുകയും ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു. ബഹു. അംഗം ചാറ്റ് വഴി കമ്മിറ്റിയെ അറിയിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.**

(1) ചാത്തമംഗലം പഞ്ചായത്തിൽ എൻ.സി.പി.സി. കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിക്കാനുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി 20% തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട പണികൾ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്താം എന്നുള്ള മറുപടിയാണ് ലഭിച്ചതെന്നും എന്നാൽ പ്രസ്തുത പഞ്ചായത്തിൽ ജലജീവൻ പദ്ധതി ഇല്ലായെന്നും ബഹു. അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. 92 ലക്ഷം രൂപയുടെ പൈപ്പ് ലൈനുകൾ അവിടെ ഇട്ടിട്ടുണ്ടെന്നും ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 20% തുകയ്ക്ക് ഭരണാനുമതി ലഭിച്ചില്ലെങ്കിൽ പണികൾ നടക്കുകയില്ലായെന്നും അതിനാൽ ഭരണാനുമതി ലഭിക്കാനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ബഹു. അംഗം തുടർന്ന് അറിയിച്ചു. ഈ പദ്ധതിക്കുവേണ്ടിയുള്ള കിണർ കേടുവന്നതാണ് പദ്ധതി നവീകരിക്കുവാൻ കാരണമെന്ന് അംഗം ചൂണ്ടിക്കാട്ടി.

(2) പെരുവയൽ പഞ്ചായത്തിൽ 18 km കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും ആയത് കമ്മീഷൻ ചെയ്തിട്ടില്ലായെന്നും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജോലികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണെന്നും ജോലി നിർത്തിയ മുഴുവൻ പഞ്ചായത്തുകളെയും ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും വാട്ടർ കണക്ഷൻ ഇന്റർലിങ്ക് ചെയ്തുകൊണ്ട് പെരുവയൽ, പെരുവണ്ണ പഞ്ചായത്തുകളിൽ 1800 കുടിവെള്ള കണക്ഷൻ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നും ജലജീവൻ പദ്ധതിയിൽ ഈ പഞ്ചായത്തുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജോലി ഏറ്റെടുത്ത കോൺട്രാക്ടറെക്കൊണ്ട് ഈ ജോലികൾ നടത്തിക്കണമെന്നും അവിടെയുള്ള ചെറിയ വർക്കുകൾ ജിക്കയുടെകീഴിൽ ചെയ്യുന്നതിനും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിനും അതിനുശേഷം റോഡ് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ബഹു. അംഗം നിർദ്ദേശിച്ചു.

(3) മാവൂർ തത്തൂർപൊയിൽ കുടിവെള്ള പദ്ധതി ഡ്രിപ്പ് ഇറിഗേഷൻ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ചെറുകിട ജലസേചന വകുപ്പിന് കൈമാറിയിട്ടുള്ളതിനാൽ പ്രസ്തുത പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുവാൻ ചെറുകിട ജലസേചന വകുപ്പിനോട് നിർദ്ദേശിച്ചു.

(4) കുന്നമംഗലം പഞ്ചായത്തിലെ പെരിങ്ങോലം - കുരിക്കത്തൂർ – പെരുവഴിക്കടവ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി റോഡിൽ 700 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഒരു മാസത്തിനകം ആരംഭിക്കുമെന്നതിനാൽ പൈപ്പ് ലൈൻ അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിക്കാനുണ്ടെന്നും ജലജീവൻ മിഷനിൽ പഞ്ചായത്ത് അടിസ്ഥാനത്തിലാണ് കണക്ഷനുകൾ നൽകുന്നതെന്നും കോഴിക്കോട് ജില്ലയിൽ ഏകദേശം 335000 കണക്ഷനുകൾ ജലജീവൻ മിഷൻ ഏറ്റെടുത്തിട്ടുണ്ടെന്നും ജിക്കയിലെ പൂർത്തീകരിക്കാനുള്ള ജോലികൾ അതത് കോൺട്രാക്ടർമാർ പൂർത്തീകരിച്ച് ഇന്റർലിങ്ക് ചെയ്ത് കൊടുക്കുന്നുണ്ടെന്നും ടെക്നിക്കൽ മെമ്പർ വാട്ടർ അതോറിറ്റി അറിയിച്ചു. കൂടാതെ നിയമപരമായി 20% ബജറ്റിലുണ്ടെങ്കിൽ ഭരണാനുമതി നൽകാവുന്നതാണെന്നും ചാത്തമംഗലം പഞ്ചായത്ത് ജലജീവൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള കാര്യവും പരിശോധിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

VI. <u>സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട്</u>

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

VII. <u>സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട്</u>

2019 - 2020 സാമ്പത്തിക വർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 3.50-ന് പിരിഞ്ഞു.

## 18-11-2020-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2020 നവംബർ മാസം 18-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ വീഡിയോ കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഗൂഗിൾ മീറ്റ് സംവിധാനം വഴി സമിതി ചെയർമാനും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷത വഹിച്ചു.

<u>ഗൂഗിൾ മീറ്റ് സംവിധാനം വഴി ഓൺലൈനായി പങ്കെടുത്ത അംഗങ്ങൾ:</u>

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ മോൻസ് ജോസഫ്, എം.എൽ.എ.
3. ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.
4. ശ്രീ. പി. ടി. എ. റഹിം, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി. വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ദീപക് എസ്.വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥ :</u>

ശ്രീമതി ഉഷ കെ.എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

<u>ഗൂഗിൾ മീറ്റ് സംവിധാനം വഴി ഓൺലൈനായി പങ്കെടുത്ത ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. പി. ജെ. നാഥ്, സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
3. ശ്രീ. വെങ്കിടേശപതി എസ്., മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
4. ശ്രീ. അലക്സ് വർഗീസ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ.
5. ശ്രീ. സിനോഷ്. സി. എസ്., സൂപ്രണ്ടിംഗ് എഞ്ചിനീയർ, പിറവം സർക്കിൾ.
6. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, കുട്ടനാട്.
7. ശ്രീ. ബിനു ജയകുമാർ, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2.
8. ശ്രീ. ഡി. ബിജു, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്.

ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും ആയതിന്മേൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>കാലതാമസപത്രികയുടെ പരിഗണന</u>

(1) <u>2018-19 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നമ്പർ XXIX [(കൃഷി ചെറുകിട ജലസേചനം)] XXXVIII (ജലസേചനം) എന്നിവയ്ക്ക് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി ജലവിഭവ വകുപ്പിന് ലഭിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ.</u>

(ഫയൽ നമ്പർ 97/സബ്.സി.എ 1/2019/നി.സെ.)

പ്രസ്തുത കാലതാമസപത്രിക സമിതി അംഗീകരിച്ചു.

II. <u>റിപ്പോർട്ടുകളുടെ പരിഗണന</u>

(2) <u>15-5-2019-ലെ സമിതി യോഗനിർദ്ദേശം - ടെണ്ടർ എക്സസ് കാരണം നബാർഡ് ഫണ്ട് ലാപ്സ് ആകാതിരിക്കുവാൻ ധനകാര്യ വകുപ്പ് പ്രത്യേക നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.</u>

(ഫയൽ നമ്പർ 4237/ സബ്.സി.എ 1/2017/നി.സെ.)

ജലവിഭവ വകുപ്പിൽ എത്ര കോടി രൂപയുടെ വർക്കാണ് ടെണ്ടർ എക്സ്സസുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളത് എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടെണ്ടർ എക്സസുമായി ബന്ധപ്പെട്ട് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള ശിപാർശകളൊന്നും ജലവിഭവ വകുപ്പിൽനിന്നും ധനകാര്യവകുപ്പിൽ ഇതുവരെ ലഭിച്ചിട്ടില്ലെന്നും ഇത്തരം കേസ്സുകളിൽ നബാർഡ് തീർപ്പാക്കിയ വായ്പാ വിഹിതം ആണെങ്കിൽ അതത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കണമെന്ന നിർദ്ദേശമാണ് നൽകുന്നതെന്നും രണ്ടോമൂന്നോ വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ജോലികൾക്ക് പരമാവധി അഞ്ച് വർഷംവരെ നബാർഡ് സമയപരിധി അനുവദിക്കാറുണ്ടെന്നും ആ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് നബാർഡിന്റെ വായ്പാതുക ഒരിക്കലും നഷ്ടപ്പെടുകയില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

നബാർഡ് അനുവദിച്ച 50 കോടി രൂപകൊണ്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുട്ടക്കടവ് റെഗുലേറ്റർ പദ്ധതിയിൽ അവിടത്തെ പ്രാദേശിക സാഹചര്യംകൊണ്ട് രൂപകല്പനയിൽ ചില മാറ്റങ്ങൾ വന്നതിനാൽ ഒരു കി.മീറ്റർ ദൂരം തടമതിൽകൂടി നിർമ്മിക്കേണ്ടതായിട്ടുണ്ടെന്നും പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുമുമ്പ് ചെയ്തുതീർക്കേണ്ട പ്രസ്തുത പ്രവൃത്തി നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി എങ്ങനെ പൂർത്തീകരിക്കാൻ കഴിയും എന്നുമുള്ള ബഹു. അംഗത്തിന്റെ ചോദ്യത്തിന് മറുപടിയായി നബാർഡിൽ പ്രോജക്ട് അംഗീകാരത്തിനായി കൊടുക്കുമ്പോൾ ആയത് നടപ്പാക്കാൻവേണ്ട ഭൂമി ലഭ്യത, ഭൂമി അനുയോജ്യത എന്നിവ ഉൾപ്പെടെ പരിശോധിച്ച ശേഷം വിശദമായ എസ്റ്റിമേറ്റാണ് ഓരോ വകുപ്പുകളും ലഭ്യമാക്കേണ്ടതെന്നും നബാർഡ് സൂക്ഷ്മപരിശോധന ചെയ്ത് ഒരിക്കൽ അംഗീകാരം തന്നുകഴിഞ്ഞാൽ, രണ്ട് വർഷത്തിനുള്ളിൽ അതിൽ വരുന്ന എല്ലാ മാറ്റങ്ങളും നബാർഡ് അംഗീകരിക്കാറുണ്ടെന്നും എന്നാൽ അതിനുശേഷം വരുന്ന മാറ്റങ്ങൾ നബാർഡ് അംഗീകരിക്കാറില്ലയെന്നും പ്രസ്തുത ഭരണാനുമതിക്കുള്ളിൽ നബാർഡ് ആദ്യം അംഗീകരിച്ച തുകയിൽ മാത്രമേ ജോലി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്നും തടമതിലിനുവേണ്ടി രണ്ടാമതൊരു എസ്റ്റിമേറ്റ് കൊടുത്ത് ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ മറ്റൊരു പ്രോജക്ടായോ ചെയ്യണമെന്നും തടമതിലിന്റേതുമാത്രമായി നബാർഡിൽ അംഗീകാരം കൊടുക്കാൻ സാധിക്കാത്തതിനാൽ അതത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യാനേ സാധിക്കുകയുള്ളൂ എന്നും എന്നാൽ ആദ്യം കൊടുത്ത പ്രോജക്ടിൽ ഫണ്ട് ബാക്കിയുണ്ടെങ്കിൽ സ്ഥലമാറ്റം വരുത്താതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനോ അധിക ജോലി ചെയ്യുന്നതിനോ നബാർഡിന് എതിർപ്പ് ഇല്ലെന്നറിയിച്ചിട്ടുണ്ടെന്നും അതിന് അനുമതി കൊടുക്കാൻ ധനകാര്യ വകുപ്പിന് കഴിയുമെന്നും അങ്ങനെ ചെയ്യണമെങ്കിൽ ആദ്യം അംഗീകാരം ലഭിച്ച പ്രോജക്ട് ഫണ്ടിൽ ബാക്കിയുണ്ടാകണമെന്നും അല്ലെങ്കിൽ പുതിയ പ്രവൃത്തിയായിട്ട് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത പ്രവൃത്തി ഏകദേശം എഴുപത് ശതമാനം പൂർത്തിയായതാണെന്നും 2019-ലെ വെള്ളപ്പൊക്കത്തിനുശേഷം രൂപകല്പനയിൽ കുറച്ച് തിരുത്തലുകൾ വരുത്തി അധികമായി ഒരു പാലവും ഏകദേശം ഒരു കിലോമീറ്റർ ദൂരം തടമതിലും നിർമ്മിക്കണമെന്നുള്ള രണ്ട് പ്രധാന ആവശ്യങ്ങളാണുണ്ടായിരുന്നതെന്നും നബാർഡ് അനുവദിച്ച 50 കോടി രൂപയിൽ ബാക്കിയുള്ള 3.5 കോടി രൂപ പ്രസ്തുത പ്രവൃത്തിക്ക് വിനിയോഗിക്കാമെന്ന് നബാർഡിലെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ടെന്നും ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് അങ്ങനെ ഉപയോഗിക്കുമ്പോൾ നബാർഡിലേയ്ക്ക് അംഗീകാരത്തിന് അയയ്ക്കേണ്ട ആവശ്യമില്ലയെന്നും സ്ഥലം മാറാതെ ധനകാര്യ വകുപ്പ് കണ്ട് അംഗീകാരം കൊടുക്കാവുന്നതാണെന്നാണ് നബാർഡ് അറിയിച്ചിട്ടുള്ളതായി ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

തടമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്കായി ഏകദേശം 23 കോടിയോളം രൂപ വേണ്ടിവരുമെന്നും തടമതിൽ കെട്ടിക്കഴിഞ്ഞാൽ അതിനുശേഷമുള്ള അഞ്ച് മീറ്ററോളം സ്ഥലം റോഡായി മാറുമെന്നതിനാൽ ഇപ്പോഴുള്ള പ്രവേശന റോഡ് വളരെ ഇടുങ്ങിയതാണ് എന്ന പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകുമെന്നതിനാൽ ഒരു ആക്സസ് റോഡ് അത്യാവശ്യമാണെന്നും അതിനുവേണ്ടിയാണ് തടമതിൽ കെട്ടേണ്ടതെന്നും ആയതിലേയ്ക്ക് 3.5 കോടി രൂപ മതിയാവില്ലായെങ്കിൽ അടുത്ത പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ് എന്നുള്ള സമിതി നിർദ്ദേശത്തിന് മറുപടിയായി ടി നിർമ്മാണ പ്രവൃത്തിയുടെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കിയപ്പോൾ തന്നെ സൈഡ്പ്രൊട്ടക്ഷനും ഉൾപ്പെടുത്താത്തതാണ് ഇതിന് കാരണമെന്നും റെഗുലേറ്ററോ, റെഗുലേറ്റർ ബ്രിഡ്ജോ, ചെക്ക് ഡാമോ രൂപകല്പന ചെയ്യുമ്പോൾ അവിടത്തെ ജലശാസ്ത്രപരമായ വിവരങ്ങളും മണ്ണിന്റെ ഘടനയും നോക്കണമെന്നും പ്രോജക്ടിൽ എല്ലാ ഘടകങ്ങളുമുണ്ടായിരുന്നെങ്കിൽ നബാർഡ് മുഴുവൻ ഫണ്ടും തരുമായിരുന്നുവെന്നും 3.5 കോടി രൂപയ്ക്ക് ഒരു കി.മീറ്റർ നീളത്തിൽ തടമതിൽ പൂർത്തിയാക്കാനോ പ്രത്യേക പ്രോജക്ടായെടുക്കാനോ സാധിക്കാത്തതിനാൽ അടുത്ത വർഷത്തെ ബഡ്ജറ്റിൽ അധിക ഫണ്ട് ലഭിച്ചാൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പ്ലാൻ ഫണ്ടിൽ ചേർക്കുകയോ ആഘാതം വരുന്ന പ്രദേശത്തെ പ്രാദേശിക ഗവൺമെന്റുകളുടെയോ അല്ലെങ്കിൽ ധനകാര്യ കമ്മീഷന്റെയോ ഗ്രാന്റ് ഒരു തദ്ദേശസ്ഥാപനത്തിന് കീഴിൽ മാത്രമായി ചെയ്യാൻ സാധിക്കാത്തതുകൊണ്ട് പൂൾ ചെയ്ത് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കുകയാണ് ചെയ്യേണ്ടതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

അപ്രകാരം ചെയ്യാനുള്ള സാധ്യത കുറവാണെന്നും ഹെക്ടറിന് ഇത്രയാണ് ചെലവ് എന്നുള്ള അനുപാതം പറയുന്നുണ്ടെന്നും സാമ്പത്തികഭദ്രത ഉണ്ടെങ്കിൽ മാത്രമേ നബാർഡിന്റെ ലോൺ കിട്ടുകയുള്ളൂ എന്നതിനാലാണ് 50 കോടി രൂപയിലേക്ക് ചെലവ് പരിമിതപ്പെടുത്തിയതെന്നും ബഹു. അംഗം വ്യക്തമാക്കി. പലപ്പോഴും റെഗുലേറ്ററുകൾ

നിർമ്മിക്കുന്നത് പുഴയുടെ ഏറ്റവും വീതി കുറഞ്ഞഭാഗത്തായതിനാൽ റെഗുലേറ്ററിന്റെ തൂണുകൾകൂടി വരുമ്പോൾ പുഴയുടെ വീതി 40 ശതമാനമായി കുറയുമെന്നും സ്വതവേ വീതി കുറഞ്ഞ പ്രസ്തുത ഭാഗത്ത് പാലങ്ങൾകൂടി വരുമ്പോൾ പുഴയുടെ വീതി വളരെ കുറയുമെന്നും ഇത് വെള്ളപ്പൊക്കത്തിന് കാരണമാകുമെന്നതിനാൽ ചെലവ് കൂടിയാലും പുഴയുടെ വീതി കൂടുതലുള്ള ഭാഗത്ത് റെഗുലേറ്ററുകൾ സ്ഥാപിക്കാൻ ശ്രദ്ധിക്കണം എന്നും സമിതി വിലയിരുത്തി. ഭാവിയിൽ ചെയ്യുന്ന പ്രോജക്ടുകൾക്കെങ്കിലും എഞ്ചിനീയറിനും ചീഫ് എഞ്ചിനീയറിനും പുറമെ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തണമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

പ്രസ്തുത വിഷയത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന സമിതി ചോദ്യത്തിന് മറുപടിയായി നബാർഡുമായി ബന്ധപ്പെട്ട് ഏകദേശം മൂന്നരക്കോടി രൂപയുണ്ടെന്നും ബാക്കി പണികൾ ആരംഭിക്കാനുള്ള ക്രമീകരണങ്ങളുമായി മുന്നോട്ടുപോകുന്നുണ്ടെന്നും രൂപകല്പനയിൽ തിരുത്തലുകൾ വരുത്തി ജോലി പുനരാരംഭിച്ചിട്ടുണ്ടെന്നും ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ അറിയിച്ചു. കൂടാതെ നിലവിലുള്ള ഫണ്ടിൽ നിന്ന് അതേ സ്ഥലമോ പ്രോജക്ടോ മാറാതെ ചെയ്യുകയാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അനുമതി മതിയാകുമെന്നതിനാൽ ഈ ഘടകംകൂടി ചേർക്കാൻ കൂടുതൽ പണം വേണ്ടിവരുമെങ്കിൽ അതിനാണ് നബാർഡിനെ സമീപിക്കേണ്ടതെന്നും വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ പുനരവലോകനത്തിനുള്ള സാധ്യത പ്രത്യേകമായി പര്യവേക്ഷണം ചെയ്യാൻ കഴിയുമോയെന്ന് നോക്കണമെന്നും 2018-ലെ വെള്ളപ്പൊക്കത്തിൽ മാത്രമല്ല, 2019-ലെ വെള്ളപ്പൊക്കത്തിലും പ്രശ്നങ്ങളുണ്ടായ സാഹചര്യത്തിൽ റെഗുലേറ്ററിന്റെയും അതിന്റെ പരിസരത്തുള്ള ഭൂമിയുടെയും സുരക്ഷിതത്വത്തിനുകൂടി വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ റെഗുലേറ്ററിൽ സംഭരിക്കുന്ന വെള്ളത്തിന്റെ അളവും കുറയുമെന്നും അങ്ങനെയായാൽ ഡിസിൽറ്റേഷൻ വേഗത്തിൽ വേണ്ടിവരികയും അപകടമുണ്ടാകാനുള്ള സാധ്യതയുണ്ടെന്നും നബാർഡിന്റെ ഉയർന്ന തലങ്ങളിൽ പ്രത്യേക കേസായി എടുത്ത് ഇതുകൂടി പരിഷ്കരിക്കാൻ കഴിയുമോയെന്ന് നോക്കണമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

പ്രസ്തുത പദ്ധതി ട്രാഞ്ചേ-20-ൽ വരുന്ന നിർമ്മാണ പ്രവൃത്തിയായതിനാൽ 2021 മാർച്ചിന് മുമ്പായി ചെയ്തില്ലെങ്കിൽ നബാർഡ് ഫണ്ട് നഷ്ടമാകുമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഓർമ്മിപ്പിച്ചതിന് മറുപടിയായി അപ്രകാരം ചെയ്യുന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണെന്ന് ഇറിഗേഷൻ ആൻഡ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(3) <u>29-3-2017-ലെ സമിതിയോഗ നിർദ്ദേശം - ഗ്രൗണ്ട് വാട്ടർ റീച്ചാർജ്ജിംഗുമായി ബന്ധപ്പെട്ട് ഐ.സി.എ.ആർ. മോഡൽ സംബന്ധിച്ച് പഠനം നടത്തിയ റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതി ശിപാർശ – ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4237/സബ്.സി.എ 1/2017/നി.സെ.)

മഹാരാഷ്ട്ര, ഒഡീഷ, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിലെ ഐ.സി.എ.ആർ. (Indian Council of Agricultural Research) മോഡൽ പ്രകാരം കേരളത്തിലും ഗ്രൗണ്ട് വാട്ടർ റീച്ചാർജ്ജ് നടത്താമെന്നാണ് 29-3-2017-ഓടെ നിർദ്ദേശം വന്നിട്ടുള്ളതെന്നും ഐ. സി. എ. ആർ. മോഡൽ, കൃഷിയിൽ നിലനിർത്തുക, ജലലഭ്യത വർദ്ധിപ്പിക്കുക, കൃഷിക്കാവശ്യമായ ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യങ്ങളെന്നും ഉൾനാടൻ പ്രദേശങ്ങളിലെ ജലത്തിന്റെ ഉപ്പുരസം കുറയ്ക്കുക, മഴ കൂടുതൽ പെയ്ത് വെള്ളക്കെട്ട് ഉണ്ടാകുന്ന പ്രദേശങ്ങളിലെ ജലം ഒഴുക്കിവിടുക എന്നീ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് ഐ.സി.എ.ആർ.-ൽ നിന്നുള്ള മോഡൽ ചെയ്തിട്ടുള്ളതെന്നും കേരള മോഡലിൽ കുടിവെള്ളത്തിനുള്ള ആവശ്യം മാത്രമായതിനാൽ ഇതിൽ രാസപദാർത്ഥങ്ങളോ മറ്റോ ഉണ്ടാകില്ലയെന്നും കുടിവെള്ളവും അതിന്റെ റീച്ചാർജ്ജിംഗുമാണുള്ളതെന്നും 4-1-2018-ലെ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ഇരുപത്തെട്ടാമത് മീറ്റിംഗിൽ ഇതേ കാര്യം ഉന്നയിക്കുകയും സർക്കാരിൽനിന്ന് 8-6-2018-ൽ കത്ത് ലഭിക്കുകയും 17-12-2018-ൽ സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തതായി KWA എം. ഡി. സമിതിയെ അറിയിച്ചു. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ 18-2-2019-ലെ മുപ്പതാമത് മീറ്റിംഗിൽ ചർച്ച ചെയ്തതിനുശേഷം ഇതിന്റെ വിദഗ്ദ്ധർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുതന്നെ മതി എന്ന് നിശ്ചയിക്കുകയും ഈ കമ്മിറ്റി മുന്നോട്ടുപോകേണ്ടതില്ലെന്നുള്ള തീരുമാനമെടുക്കുകയും ചെയ്തതായും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 14 നിർദ്ദേശങ്ങൾ വയ്ക്കുകയും 9 എണ്ണം തീർക്കുകയും ബാക്കിയുള്ളത് നടന്നുവരുകയാണെന്നും ഇതുകൂടാതെ 36 സ്ഥലങ്ങൾ പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി എം.ഡി. തുടർന്ന് അറിയിച്ചു. ഗ്രൗണ്ട് വാട്ടർ റീച്ചാർജ്ജിംഗിന്റെ കാര്യത്തിൽ കേരളം വളരെ പിന്നിലാണെന്നും ഐ. സി. എ. ആർ.-ന്റെ മാതൃകകൾ പഠനവിധേയമാക്കുകയും അവരുടെ ഗവേഷണ സ്ഥാപനങ്ങളുമായി നമ്മൾ നിരന്തരം ബന്ധപ്പെടുന്നത് നന്നായിരിക്കുമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. 29-3-17-ലെ യോഗത്തിൽ ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി. റിപ്പോർട്ട് അടുത്ത ആഴ്ച ലഭ്യമാക്കാമെന്ന് വാട്ടർ അതോറിറ്റി എം. ഡി. ഉറപ്പുനൽകി.

(4) <u>6-3-2019-ലെ സമിതിയോഗ നിർദ്ദേശം-2018 ആഗസ്റ്റ് മാസത്തെ പ്രളയസമയത്ത് ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ പ്രവർത്തനം സംബന്ധിച്ച് ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2890/സബ്.സി.എ 1/2019/നി.സെ.)

2018-ലും 2019-ലും ഉണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം വളരെ മുൻകൂട്ടി മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും കൃത്യമായി മോണിറ്റർ ചെയ്യുകയും വെള്ളപ്പൊക്ക ഭീഷണി ഉണ്ടാകുന്നതിന് മുമ്പുതന്നെ ഡാമുകളിലെ ജലവിതാനം നിയന്ത്രിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തതിനാലുമാണ് പമ്പാ ഡാമും കക്കി ഡാമും തുറന്നിട്ടും കുട്ടനാട്ടിൽ വലിയ വെള്ളപ്പൊക്കമുണ്ടാകാതെ നിയന്ത്രിക്കാൻ സാധിച്ചത്. കൂടാതെ തോട്ടപ്പിള്ളി സ്പിൽവേയിൽ അടിഞ്ഞുകൂടിയിരുന്ന മണൽ മാറ്റി പൊഴിമുഖം തുറന്ന് കടലിലേയ്ക്ക് ജലം ഒഴുക്കിവിടുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു എന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിലെ മഴയുടെ അളവും ഓരോ മണിക്കൂർ ഇടവിട്ടുള്ള ജലവിതാനവും ചീഫ് എഞ്ചിനീയരുടെ നേതൃത്വത്തിൽ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ടെന്നും ഇറിഗേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ ദിനംപ്രതിയുള്ള ജലവിതാനത്തിന്റെ കണക്കുകൾ പ്രസിദ്ധീകരിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ.-ഉം ഇപ്രകാരം മോണിറ്റർ ചെയ്യുന്നുണ്ടെന്നും ഇനി അത്തരമൊരു സാഹചര്യമുണ്ടായാൽപ്പോലും കാര്യങ്ങൾ നിയന്ത്രണവിധേയമാക്കാൻ സാധിക്കുന്ന രീതിയിൽ ജലവിഭവ വകുപ്പ് നടപടി സ്വീകരികരിച്ചിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തുടർന്ന് അറിയിച്ചു.

തിരുവനന്തപുരത്തെ അരുവിക്കര ഡാം ചെറിയ മഴ പെയ്താൽപോലും തുറക്കേണ്ട അവസ്ഥയാണുള്ളതെന്നും അതൊഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും സമയാസമയങ്ങളിൽ ഡീസിൽറ്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടെന്നുമുള്ള സമിതി വിലയിരുത്തലിന് മറുപടിയായി അരുവിക്കരയിലെ ഡാം വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്നതാണെന്നും പ്രസ്തുത ഡാമിന്റെ യഥാർത്ഥ സംഭരണശേഷിയുടെ നല്ല പങ്കും മണൽവന്ന് അടിഞ്ഞിട്ടുള്ളതിനാൽ ഡീസിൽറ്റിംഗും സംഭരണശേഷിയും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളാണ് ചെയ്യേണ്ടതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വാമനപുരം പദ്ധതി വന്നാൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ലേ എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി വാമനപുരം പദ്ധതി വരുന്നതുകൊണ്ട് അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിക്കുകയില്ലെന്നും കുടിവെള്ള പദ്ധതിക്കുവേണ്ടിയാണ് അരുവിക്കര ഡാമിലെ ജലം ഉപയോഗിക്കുന്നതെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

വാമനപുരം ഡാമിൽ ജലം സംഭരിച്ചുനിർത്തിയാൽ ആവശ്യത്തിന് വെള്ളം അരുവിക്കര ഡാമിലേക്ക് നൽകിക്കൂടെയെന്നും സമീപ ഡാമുകളിലെ ജലത്തിന്റെ അളവ് കൃത്യമായി മോണിറ്റർ ചെയ്തുകൊണ്ട് ഭാരതപ്പുഴയിലെ ജലം നിയന്ത്രിച്ചതുപോലെ വാമനപുരം പദ്ധതിയുണ്ടെങ്കിൽ ഡാമിലെ ജലം തടഞ്ഞുനിർത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തണമെന്നും അതിനോടൊപ്പം അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(5) 15-5-2019-ലെ സമിതിയോഗ നിർദ്ദേശം - ബാണാസുരസാഗർ ജലസേചന പദ്ധതിയിൽനിന്നും തമിഴ്നാടിനുപയോഗിക്കാവുന്ന ജലത്തിന്റെ അളവ് സംബന്ധിച്ചും കാവേരി നദീജല തർക്ക ട്രൈബ്യൂണൽ അനുവദിച്ച ജലത്തിന്റെ വിനിയോഗം സംബന്ധിച്ചും ജലവിഭവ വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്

(ഫയൽ നമ്പർ 4237/സബ്.സി.എ 1/2017/നി.സെ.)

കാരാപ്പുഴ പദ്ധതി ഭാഗികമായി പൂർത്തിയാക്കുകയും ഇടത്, വലത് കര കനാലുകളിലൂടെ ജലസേചനം നടത്തിവരികയും ചെയ്യുന്നുണ്ടെന്നും 2020-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രസ്തുത പദ്ധതി പൂർത്തിയാവുന്നമുറയ്ക്ക് അവാർഡ് പ്രകാരമുള്ള ജലം പൂർണ്ണമായും ഉപയോഗിക്കുവാൻ സാധിക്കുമെന്നും ട്രൈബ്യൂണൽ ഉത്തരവിലെ സെക്ഷൻ 18 പ്രകാരം സംസ്ഥാനങ്ങൾക്ക് അനുവദിച്ച ജലം അവാർഡിന് വിരുദ്ധമല്ലാത്ത രീതിയിൽ അതിർത്തിക്കുള്ളിൽ ക്രമീകരണം നടത്താമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ബാണാസുരസാഗർ ജലസേചന പദ്ധതിക്കായി 0.84 ടി.എം.സി. ജലമാണ് അനുവദിച്ചിട്ടുള്ളതെന്നും കാവേരി ബേസിന്റെ അവാർഡിലും സുപ്രീം കോടതി വിധിയിലും ഇന്റർ ബേസിൻ ട്രാൻസ്ഫർ പാടില്ലെന്ന് പറഞ്ഞിട്ടുണ്ടെന്നും കൂടാതെ ട്രൈബ്യൂണൽ ഉത്തരവിലെ സെക്ഷൻ 18 പ്രകാരം സംസ്ഥാനങ്ങൾക്ക് അനുവദിച്ച ജലം അവാർഡിന് വിരുദ്ധമല്ലാത്ത രീതിയിൽ ഉപയോഗിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും 0.84 ടി.എം.സി. ജലം ഉപയോഗിച്ചശേഷം ബാക്കിയുള്ള ജലം കക്കയം ജലവൈദ്യുത പദ്ധതിയിൽ ഉപയോഗിക്കുകയും അതിനുശേഷം പെരുവണ്ണാമൂഴി അണക്കെട്ടിൽ എത്തിച്ച് കോഴിക്കോട് ജില്ലയിലേയ്ക്ക് വിതരണം നടത്തുകയുമാണ് ഇപ്പോൾ ചെയ്യുന്നതെന്നും The Cauvery Water Management Authority (CWMA)-യുടെ യോഗത്തിൽ തമിഴ്നാട് ഇതുവരെ എതിർപ്പുകളൊന്നും പ്രകടിപ്പിക്കാത്ത സാഹചര്യത്തിൽ നിലവിലെ രീതി തുടർന്നുപോകാമെന്നതാണ് സുപ്രീം കോടതിയിലെ നിയമ വിദഗ്ദ്ധരുടെ അഭിപ്രായം എന്നും ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു.

ബാണാസുരസാഗർ ജലസേചന പദ്ധതിയിൽ ഉപയോഗിക്കാൻ കഴിയുന്നത് 0.80 ടി.എം.സി. ജലമാണെന്നും ഇപ്പോൾ 5 ടി.എം.സി. ജലമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്നും കുറ്റ്യാടി ജലസേചന പദ്ധതിയിലെ 5 ടി.എം.സി. ജലം ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം ഇനി ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയെ എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്നും കാവേരി ജലതർക്ക പരിഹാര ട്രൈബ്യൂണലിൽ വാദിച്ച് സംസ്ഥാനത്തിന് ലഭിച്ച 21 ടി.എം.സി. ജലം ഉപയോഗപ്പെടുത്താനുള്ള പദ്ധതി ആവശ്യമാണെന്നും നെൽകൃഷിക്കാവശ്യമായ പദ്ധതികൾ മാത്രം കേന്ദ്രീകരിക്കാതെ 21 ടി.എം.സി. ജലം പൂർണ്ണമായും ഉപയോഗപ്പെടുത്താനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

കബനി ബേസിനിലെ 21 ടി.എം.സി. ജലത്തിൽ കാരാപ്പുഴ പദ്ധതിയിൽ 2.8 ടി.എം.സി. ജലവും കടമാൻ തോട് പദ്ധതിയിൽ 1.23 ടി.എം.സി. ജലവും തോണ്ടയാർ പദ്ധതിക്ക് 1.73 ടി.എം.സി. ജലവും നൂൽപ്പുഴയിൽ 1.25 ടി.എം.സി. ജലവും കല്ലമ്പതിയിൽ 2.48 ടി. എം.സി. ജലവും ചൂണ്ടാലിപ്പുഴയിൽ 1.31 ടി.എം.സി. ജലവും തിരുനെല്ലിയിൽ 1.81 ടി. എം.സി. ജലവും പി.എസ്.ബി. യിൽ 0.81 ടി.എം.സി. ജലവും ഉൾപ്പെടെയാണ് 21 ടി.എം. സി. ജലമുള്ളതെന്ന് ഇറിഗേഷൻ അഡീഷണൽ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. കുറ്റ്യാടി ജലസേചന പദ്ധതിയിലേക്ക് പോകുന്ന ജലത്തിൽ കുറവ് വരാതിരിക്കാൻ എന്താണ് ചെയ്യേണ്ടതെന്നും ഇപ്പോൾ 5 ടി.എം.സി. ജലം ഉപയോഗിക്കുന്നുണ്ടെങ്കിലും കോടതി വിധിപ്രകാരം 0.80 ടി.എം.സി. ജലം മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളുവെന്നതിനാൽ ആ ക്ഷാമം എങ്ങനെ നികത്താൻ കഴിയുമെന്നും കുറ്റ്യാടി ജലസേചന പദ്ധതി ഇല്ലെങ്കിൽ കോഴിക്കോട് ജില്ലയിലെ കുടിവെള്ള ലഭ്യത തകരാറിലാവുമെന്നും വേറെ ഏതെങ്കിലും സ്രോതസ്സിൽനിന്ന് കുറ്റ്യാടി പദ്ധതിയിലേയ്ക്ക് ജലം കൊണ്ടുവരാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കാവേരി നദീ ജലതർക്ക പരിഹാര ട്രൈബ്യൂണലിന്റെ വിധിയിൽ അനുവദിച്ച ജലം പൂർണ്ണമായും ഉപയോഗപ്പെടുത്തണമെങ്കിൽ ചെറുതും ഇടത്തരവുമായ ധാരാളം പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ടെന്നും ഇതിന്റെ സർവ്വേ, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയ കാര്യങ്ങൾക്കായി ബഡ്ജറ്റിൽ അധിക തുക അനുവദിക്കണമെന്നും ഡി.പി.ആർ. തയ്യാറാക്കാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് പറഞ്ഞിരുന്നതെങ്കിലും ഡി.പി.ആർ. തയ്യാറാക്കാനുള്ള വിഹിതമില്ലാത്തതിനാൽ സ്പെഷ്യൽ ഫണ്ട് അനുവദിക്കുക, KERI (Kerala Engineering Research Institute) ഐ.ഐ.ടി.യുമായോ കോഴിക്കോട് എൻ.ഐ.ടി.-യുമായോ സഹകരിച്ചുകൊണ്ട് ഇതിനുള്ള കൺസൾട്ടൻസിയോ, പ്രോജക്ടോ തയ്യാറാക്കുക എന്നീ രണ്ട് മാർഗ്ഗങ്ങളാണുള്ളതെന്നും ജലം നമുക്ക് നഷ്ടമാകാതിരിക്കാൻ പ്രോജക്ട് തയ്യാറാക്കൽ വേഗത്തിൽ നടത്തേണ്ടത് അനിവാര്യമാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭവാനി ബേസിനിൽ അനുവദിച്ച 6 ടി.എം.സി. ജലം ഉപയോഗപ്പെടുത്താനുള്ള നടപടിക്രമങ്ങൾ എന്തായി എന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഭവാനിപ്പുഴയിലെ അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ട് CWC (Central Water Commission)-ക്ക് സമർപ്പിച്ചു എന്നും CWC യുടെ നിർദ്ദേശപ്രകാരം CWMA (കാവേരി വാട്ടർ മാനേജ്മെന്റ് അതോറിറ്റി)-യിൽനിന്ന് വെറ്റ് ചെയ്യണമെന്നുള്ള കമന്റ്സ് വാങ്ങമെന്നും നിലവിലെ

സാഹചര്യത്തിൽ CWMA-യ്ക്ക് ഡി.പി.ആർ. അംഗീകരിക്കാനുള്ള അവകാശമില്ലെന്നാണ് കണ്ടെത്തലെന്നും ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ആൻഡ് പ്ലാനിംഗ് സമിതിയെ അറിയിച്ചു. ഇങ്ങനെയൊരു കണ്ടെത്തൽ ആരാണ് നടത്തിയതെന്നും കാവേരി ജലതർക്ക പരിഹാര ട്രൈബ്യൂണലിൽ 6 ടി.എം.സി. ജലം അനുവദിച്ചെങ്കിൽ പിന്നെ ആരുടെ അനുമതിയാണ് ആവശ്യമായി വരുന്നതെന്നും CWMA-യുടെ അനുവാദം വേണമെന്ന് Central Water Commission പറഞ്ഞിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

അട്ടപ്പാടിയുടെ പ്രോജക്ട് റിപ്പോർട്ടിൽ CWMA-യുടെ കമന്റ്സ് വേണമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും CWMA-യ്ക്ക് ഡി.പി.ആർ. വെറ്റ് ചെയ്യാനുള്ള അധികാരമുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി അറിയില്ലായെന്നും ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഒരു സംസ്ഥാനത്തിന് അനുവദിച്ചുകഴിഞ്ഞ ജലത്തിൽ പിന്നീട് CWMA- യുടെ അനുവാദം വേണ്ടെന്നുള്ള നിലപാടാണ് എടുത്തിട്ടുള്ളതെന്നും സംസ്ഥാനത്തിന് അനുവദിച്ച ജലം ഡാമോ, ഡൈവേർഷനോ നടത്തി എടുക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്നും അലോട്ട് ചെയ്ത ജലത്തിൽ ഭവാനി ബേസിനിൽനിന്ന് 6 ടി.എം.സി. ലഭിക്കുന്നതിൽ 2.87 ടി.എം.സി. ജലം മാത്രമേ അട്ടപ്പാടി പ്രോജക്ട് വന്നാൽപോലും ഉള്ളൂ എന്നും ശേഷിക്കുന്ന 3.13 ടി.എം.സി. ജലം പൂർണ്ണമായും ഉപയോഗിക്കപ്പെടുത്താനായി ചെറിയ ചെറിയ ചെക്ക് ഡാമുകളോ മറ്റോ ഉണ്ടാക്കണമെന്നും ജലവിഭവ വകുപ്പ് ചീഫ് സെക്രട്ടറി അറിയിച്ചു.

നാല്പത് കൊല്ലത്തോളമായി കേരളം പുതിയ പ്രോജക്ടുകളൊന്നും എടുത്തിട്ടില്ലെന്ന് വിലയിരുത്തിയ സമിതി ഈ പ്രോജക്ട് എങ്കിലും തുടങ്ങാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശിച്ചു.

സംസ്ഥാനത്തിന് അനുവദിച്ച 30 ടി.എം.സി. ജലത്തിന്റെ ഉപയോഗത്തിനുവേണ്ടിയുള്ള ഉചിതമായ പ്രോജക്ടുകൾക്ക് വേഗത്തിൽ ഡി.പി.ആർ. തയ്യാറാക്കി ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള സ്കീം ഉണ്ടാകണമെന്നും അതിനുള്ള വ്യക്തമായ ഡി.പി.ആർ. സഹിതം മുന്നോട്ടുപോകണമെന്നും പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സ്ഥലസന്ദർശനം നടത്തിയിരുന്നുവെന്നും ഈ ജലം ഉപയോഗിക്കാൻ സാധിച്ചാൽ സുഗന്ധവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവയുടെ കൃഷി വളരെ പ്രയോജനകരമാകുമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

മുൻകൂട്ടി പ്രോജക്ട് തയ്യാറാക്കലിനായി ബഡ്ജറ്റിൽ അധികതുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

ജലവിഭവ വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഒരു എൻ.സി.പി.സി. കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും അതിന്റെ കിണർ ഉപയോഗശൂന്യമായിരിക്കുകയാണെന്നും കഴിഞ്ഞ ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷനോടുകൂടി താത്തൂർ പൊയിൽ പദ്ധതിയിൽ നിന്ന് ഒരു സംവിധാനത്തിനായി എസ്റ്റിമേറ്റ് കൊടുത്തിരുന്നുവെന്നും അതിന് ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല എന്നും സമിതി അംഗം ശ്രീ. പി. ടി. എ റഹീം, എം. എൽ.എ സമിതി ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ വാട്ടർ അതോറിറ്റി എം.ഡി., എം.എൽ.എ-യുമായി നേരിട്ട് ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാനുള്ള ഏർപ്പാട് ചെയ്യുന്നതാണെന്ന് സമിതി ചെയർമാൻ അറിയിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 3.15 ന് അവസാനിച്ചു.)